**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2255** **16-03-2022 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ സ്മാർട്ട് അംഗൻവാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിലെ ഏതെല്ലാം അംഗൻവാടികളെ സ്മാർട്ട് അംഗൻവാടികളായി ഉയർത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഇരിക്കൂർ മണ്ഡലത്തിലെ ഇരിക്കൂർ ഐസിഡിഎസിലെ എരുവശ്ശി ഗ്രാമപഞ്ചായത്തിലെ 20-ാം നമ്പർ അങ്കണവാടിയ്ക്കും, തളിപ്പറമ്പ് ഐസിഡിഎസിലെ ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ 35-ാം നമ്പർ അങ്കണവാടിയ്ക്കും സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം പ്രൊപ്പോസൽ ലഭ്യമായിരുന്നു. നടപ്പ് വർഷത്തെ ബജറ്റ് വിഹിതം പൂർണ്ണമായും കെട്ടിട നിർമ്മാണത്തിനായി വിനിയോഗിച്ചതിനാൽ നടപ്പ് വർഷം നിർമ്മാണാനുമതി നൽകുവാൻ സാധിച്ചിട്ടില്ല. |
| (ബി) | അംഗൻവാടികളെ സ്മാർട്ട് അംഗൻവാടികളായി മാറ്റുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ? | (ബി) | കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന അങ്കണവാടികൾക്ക് ലഭ്യമായ സ്ഥലത്തിന് ആനുപാതികമായി ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തി, സർക്കാർ അനുമതിയ്ക്ക് വിധേയമായി സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നു. വകുപ്പിൽ നിന്നും പരമാവധി 25 ലക്ഷം രൂപയാണ് അനുവദിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ